തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

# തദ്ദേശകം

ഫെബ്രുവരി 2026 പുസ്തകം 2 ലക്കം 2


## സ്ത്രീസുരക്ഷാ പദ്ധതി

### നവകേരള യാത്രയിലെ നാഴികക്കല്ല്



## ലൈഫ്

അഞ്ചു ലക്ഷം സ്വപ്നങ്ങൾക്ക് മേൽക്കൂരയൊരുക്കി കേരളം!



കേരള സർക്കാർ

LSGD

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ്പ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഫെബ്രുവരി 2026 പുസ്തകം 2 ലക്കം 2

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില
**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ
**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

**എഡിറ്റോറിയൽ**

## നേട്ടങ്ങളിൽ നിന്ന് നേട്ടങ്ങളിലേക്ക് ചുവടുറപ്പോടെ നവകേരള ദൗത്യം

നവകേരള സൃഷ്ടിയിലേക്കുള്ള പ്രയാണത്തിൽ നാം കൈവരിച്ച അഭിമാനകരമായ നേട്ടങ്ങൾ സാക്ഷ്യപ്പെടുത്തിയാണ് ഈ മാസം കടന്നുപോകുന്നത്. ഫെബ്രുവരി 11-ന് സംസ്ഥാന തലത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സ്ത്രീസുരക്ഷാ പെൻഷൻ ക്ഷേമപദ്ധതികളുടെ ചരിത്രത്തിൽ പൂർവ്വമാതൃകകളില്ലാത്ത ഒന്നാണ്. സ്ത്രീകളുടെ ക്ഷേമവും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നതിൽ നാഴികക്കല്ലാവുന്ന ഈ പദ്ധതി കേരളത്തിന്റെ സ്ത്രീപക്ഷ മുഖം കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് ലൈഫ് മിഷൻ പദ്ധതിയിലെ അഞ്ചു ലക്ഷം വീടുകളുടെ പൂർത്തീകരണം. ഫെബ്രുവരി 24-ന് നടന്ന ഈ പ്രഖ്യാപനം ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് താഴെത്തട്ടിൽ നേതൃത്വം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മികവിനും കർമ്മശേഷിക്കുമുള്ള അംഗീകാരം കൂടിയായി മാറി. കണ്ണൂർ ജില്ലയിലെ ആന്തൂരിൽ നടന്ന തദ്ദേശ ദിനാഘോഷം (ഫെബ്രുവരി 18, 19) മുപ്പതാം വർഷത്തിൽ എത്തി നിൽക്കുന്ന ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ പങ്കുവെച്ചു. അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ നമ്മൾ നടത്തിയ മുന്നേറ്റത്തിന്റെ സാക്ഷ്യപത്രമായി ഈ തദ്ദേശ ദിനാഘോഷം മാറി.

പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ കേരളം ലോകത്തിന് മാതൃകയായ ഒരു പതിറ്റാണ്ടാണ് കടന്നുപോകുന്നത്. ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് നടന്ന ദേശീയ പരിസ്ഥിതി കോൺഗ്രസ് കേരളത്തിന്റെ പരിസ്ഥിതി പുനസ്ഥാപന മാതൃകകൾ രാജ്യത്തിനു മുന്നിൽ അവതരിപ്പിച്ചു. ശുചിത്വ - മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വാർഡു തലം മുതൽ സംസ്ഥാന തലത്തിൽ വരെ നാം നടത്തിയ പ്രവർത്തനങ്ങൾ ഇതിനകം ദേശീയശ്രദ്ധ നേടിക്കഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികളെ നേരിടാനുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതിനായി ഒരുക്കുന്നതിലും ഹരിതകേരളം മിഷൻ ചെയ്ത സംഭാവനകൾ സമ്മേളനം വിലയിരുത്തി.

സാമൂഹ്യക്ഷേമത്തിന്റെയും പങ്കാളിത്ത വികസനത്തിന്റെയും പുതിയ ഔന്നത്യങ്ങൾ എത്തിപ്പിടിക്കാനുള്ള ഈ പ്രവർത്തനങ്ങളുടെ ഫലപ്രദമായ തുടർച്ച ഉറപ്പാക്കാൻ കൂടുതൽ ഊർജ്ജസ്വലതയോടെ നമുക്ക് കൈകോർക്കാം.

**ദീപ കെ.**
എഡിറ്റർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
# തദ്ദേശകം
ജൂൺ 2025 പുസ്തകം 1 ലക്കം 4





# ഉള്ളടക്കം


06
സ്ത്രീസുരക്ഷാ പദ്ധതി
നവകേരള യാത്രയിലെ നാഴികക്കല്ല്: മുഖ്യമന്ത്രി

12
അഞ്ചു ലക്ഷം
സ്വപ്നങ്ങൾക്ക്
മേൽക്കൂരയൊരുക്കി കേരളം !

16
ലൈഫ് –
സമാനതകളില്ലാത്ത ഭവന പദ്ധതി

20
ആവേശം പകർന്ന് തദ്ദേശ ദിനാഘോഷം:
വികസന കാഴ്ചകളും
കലാവിരുന്നും പങ്കു വച്ച് കണ്ണൂർ

24
വികസന മികവിന് അംഗീകാരം;
സംസ്ഥാനത്തെ മികച്ച തദ്ദേശ സ്ഥാപനങ്ങൾക്ക്
പുരസ്കാരങ്ങൾ വിതരണം ചെയ്തു

30
ഹരിത കേരളം മിഷൻ
ശുചിത്വ – മാലിന്യ പരിപാലനത്തിലെ
കേരള മോഡൽ
ഡോ. ടി.എൻ. സീമ

34
സുസ്ഥിരവികസനത്തിന്റെ
കേരളമാതൃക ഉയർത്തിക്കാട്ടി
ദേശീയ പരിസ്ഥിതി സമ്മേളനം




# സ്ത്രീസുരക്ഷാ പദ്ധതി നവകേരള യാത്രയിലെ നാഴികക്കല്ല്: മുഖ്യമന്ത്രി

**സ്ത്രീ സുരക്ഷാ പദ്ധതി സ്ത്രീകളുടെ സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 35നും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കും ട്രാൻസ് സ്ത്രീകൾക്കും പ്രതിമാസം 1000 രൂപ നൽകുന്ന സ്ത്രീസുരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം മലയിൻകീഴ് ശാന്തുംമൂല മൈതാനത്ത് നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തുടക്കമെന്ന നിലയിലാണ് 1000 രൂപ നൽകുന്നത്. 45 രൂപയിൽ ആരംഭിച്ച സാമൂഹ്യക്ഷേമ പെൻഷനുകൾ പടിപടിയായി 2000 രൂപ യാക്കി വർദ്ധിപ്പിച്ചത് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.**

***പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ:***

നാമെല്ലാവരും അഭിമാനകരമായ ഒരു പദ്ധതിയുടെ ഭാഗമായാണ് ഇവിടെ എത്തിച്ചേർന്നിട്ടുള്ളത്. നമ്മുടെ നാടിന്റെ പ്രത്യേകതയുള്ള ഒരു പരിപാടിയാണ് ഇന്നിവിടെ ആരംഭിക്കുന്നത്. സ്ത്രീസമൂഹത്തിന്റെ സുരക്ഷിതത്വം, സ്വാശ്രയത്വം ഇതെല്ലാം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സ്ത്രീ സുരക്ഷാ പദ്ധതി. ലിംഗനീതിയിൽ അധിഷ്ഠിതമായ ഒരു നവകേരളത്തിലേക്കുള്ള യാത്രയിലെ ഒരു സുപ്രധാനമായ നാഴികക്കല്ലാണിത്. ഒരു സമൂഹം എത്രത്തോളം പുരോഗതി പ്രാപിച്ചു എന്നത് സാധാരണ



ഗതിയിൽ അളക്കുന്നത് ആ സമൂഹത്തിലെ സ്ത്രീകൾ എത്രത്തോളം സുരക്ഷിതരും സ്വതന്ത്രരും ആണ് എന്നതിനെ അടിസ്ഥാനമാക്കിയാണ്. സ്ത്രീകൾക്ക് ഭയരഹിതമായി ജീവിക്കാനാവണം. അവരുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ കഴിയുന്ന അന്തരീക്ഷം ഉണ്ടാവണം. അത്തരമൊരു സമൂഹത്തെയാണ് വികസിത സമൂഹമായി കണക്കാക്കാൻ പറ്റുക. ആ ലക്ഷ്യത്തിലേക്കാണ് നമ്മുടെ നാട് നീങ്ങിക്കൊണ്ടിരിക്കുന്നത്.

സ്ത്രീകൾ നമ്മുടെ സമൂഹത്തിന്റെ നട്ടെല്ലാണ്. കുടുംബത്തിനായും നാടിനായും തങ്ങളുടെ ജീവിതം ഉഴിഞ്ഞുവെച്ച ലക്ഷക്കണക്കിന് സഹോദരിമാരുടെ കഠിനാധ്വാനമാണ് നമ്മുടെ നാടിന്റെ വികസനത്തിന് ആധാരം. പക്ഷെ പലവിധ കാരണങ്ങളാൽ സ്ത്രീകൾ നിസ്സഹായ അവസ്ഥ അനുഭവിക്കുന്നുണ്ട്. മുൻപ് അത് വേണ്ട രീതിയിൽ പരിഗണിക്കാത്ത സ്ഥിതി നിലനിന്നിരുന്നു. ഇവിടെയാണ് നാം വ്യത്യസ്തമാവുന്നത്. നമ്മുടെ സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, ജീവിതത്തിന്റെ ഒരു






**ഒരു സമൂഹം എത്രത്തോളം പുരോഗതി പ്രാപിച്ചു എന്നത് സാധാരണ ഗതിയിൽ അളക്കുന്നത് ആ സമൂഹത്തിലെ സ്ത്രീകൾ എത്രത്തോളം സുരക്ഷിതരും സ്വതന്ത്രരും ആണ് എന്നതിനെ അടിസ്ഥാനമാക്കിയാണ്.**

പ്രത്യേക ഘട്ടത്തിൽ താങ്ങും തണലും നഷ്ടപ്പെട്ടുപോയ സഹോദരിമാർ, അവർക്കെല്ലാം മാന്യമായ ജീവിത സാഹചര്യം ഉറപ്പാക്കുക - ഇതാണ് നാം ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാന കാര്യം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, മറ്റ് സാമൂഹിക ക്ഷേമ പദ്ധതികളിൽ ഒന്നിലും ഉൾപ്പെടാത്ത, 35നും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സഹോദരിമാർക്ക് പ്രതിമാസം 1000 രൂപ നൽകുന്ന ഒരു പദ്ധതിയാണ് ഈ വർഷം നാം ആരംഭിക്കുന്നത്. സ്ത്രീകൾക്ക് മാത്രമല്ല, ട്രാൻസ് വുമൺ വിഭാഗത്തിനും ഈ ആനുകൂല്യം ലഭിക്കും. ഇതുവരെ 10,18,390 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ഇതിനേക്കാൾ എത്രയോ കൂടുതൽ പേർ രജിസ്റ്റർ ചെയ്യാൻ ബാക്കിയാണ്). ഈ 10,18,390 പേർക്കും ഇന്ന് മുതൽ ഇതിന്റെ ഭാഗമായുള്ള ആനുകൂല്യം ലഭിക്കുകയാണ്. ഇനിയും ധാരാളം പേർ അപേക്ഷ നൽകിയിട്ടുണ്ട്. പരിശോധന പൂർത്തിയായാൽ അവരെല്ലാം ഇതിൽ അംഗങ്ങളാകും.

സാമ്പത്തികമായ പരാശ്രയത്വം സ്ത്രീകളെ വീടിന്റെ അകങ്ങളിൽ പോലും നിശബ്ദരാക്കുന്ന സാഹചര്യമുണ്ട്. ആ നിശബ്ദതയ്ക്ക് വിരാമമിടുക, ഈ നാട് നിങ്ങളോടൊപ്പം ഉണ്ട് എന്ന സാമൂഹ്യമായ ഉറപ്പ് സഹോദരിമാർക്ക് നൽകുക - അതിനാണ് ഈ പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനം ശ്രമിക്കുന്നത്. ആരോടും കൈ നീട്ടാതെ തങ്ങളുടെ ചില്ലറ ആവശ്യങ്ങൾക്ക് - അത് ചിലപ്പോൾ മരുന്ന് വാങ്ങലാകാം, ചിലപ്പോൾ ഭക്ഷ്യസാധനങ്ങൾ വാങ്ങലാകാം - മറ്റാരെയും ആശ്രയിക്കാതെ തലയുയർത്തി ജീവിക്കാൻ നമ്മുടെ സഹോദരിമാർക്ക് കഴിയണം. ആ ഉറച്ച ബോധ്യമാണ് സർക്കാരിനുള്ളത്. സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിക്കുമ്പോൾ അത് കുടുംബത്തിന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. അങ്ങനെ കുടുംബങ്ങളുടെ ആത്മവിശ്വാസം വർദ്ധിക്കുമ്പോൾ സമൂഹത്തിന്റെ ആകെ ആത്മവിശ്വാസമാണ് വർദ്ധിക്കുന്നത്. ഈ കാഴ്ചപാടാണ് കഴിഞ്ഞ ദശാബ്ദ കാലമായി നമ്മുടെ നാട് പിന്തുടർന്നത്.

സ്ത്രീകളുടെ ഉന്നമനത്തിനായി പല വിധത്തിലുള്ള പദ്ധതികളാണ് നാം നടപ്പാക്കിയിട്ടുള്ളത്. അവയിൽ ചിലത് ലോകത്തിനു തന്നെ മാതൃകയാ

യിട്ടുള്ളതാണ്. നമ്മുടെ രാജ്യത്ത് ആദ്യമായി ജൻഡർ ബജറ്റിങ്ങ് നടപ്പിലാക്കിയത് കേരളമാണ്. ഓരോ വകുപ്പിന്റെയും പദ്ധതി വിഹിതത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രത്യേകം തുക മാറ്റിവയ്ക്കുന്ന രീതിയാണിത്. ഇന്ന് കേരളത്തിലെ ബജറ്റിന്റെ ഗണ്യമായ ഭാഗം സ്ത്രീപക്ഷ പദ്ധതികൾക്കാണ് നീക്കിവെക്കുന്നത്. നമ്മുടെ കുടുംബശ്രീ ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയാണ്. ഇന്ന് അയൽക്കൂട്ടങ്ങൾ കേവലം സമ്പാദ്യ ഗ്രൂപ്പുകൾ അല്ല, മറിച്ച്, സ്ത്രീകളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ ബോധവൽക്കരണത്തിന്റെ പ്രഭവ കേന്ദ്രങ്ങൾ കൂടിയാണ്. മൈക്രോ ഫിനാൻസിങ്ങിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളാണ് സംരംഭകരായി മാറിയിട്ടുള്ളത്. സ്ത്രീ സുരക്ഷ പ്രകടന പത്രികയിലെ വാഗ്ദാനം മാത്രമായിരുന്നില്ല, മറിച്ച് സർക്കാരിന്റെ വിട്ടുവീഴ്ചയില്ലാത്ത നയം കൂടിയായിരുന്നു എന്നത് ഇതിനകം തന്നെ എല്ലാവർക്കും ബോധ്യമായ കാര്യമാണ്.

പോലീസിലെ പിങ്ക് പോലീസ് സംവിധാനം സ്ത്രീ സുരക്ഷ ഉറപ്പാക്കുവാൻ വേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതാണ്. പൊതു ഇടങ്ങളിൽ ഭയമില്ലാതെ സഞ്ചരിക്കാൻ സ്ത്രീകൾക്ക് സാധ്യമാവണം. അതേ പോലെ തന്നെ, രാത്രികാല യാത്രകൾ നടത്തുന്ന സ്ത്രീകൾക്കായി ഷീ ലോഡ്ജുകൾ, പൊതു സ്ഥലങ്ങളിൽ സുരക്ഷിതമായ വിശ്രമകേന്ദ്രങ്ങൾ എല്ലാം പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞു. കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമായി മാറ്റുകയുണ്ടായി. പോലീസ് സേനയിൽ സ്ത്രീകളുടെ പങ്കാളിത്തവും വൻതോതിലാണ് വർദ്ധിപ്പിച്ചത്. ഐ.ടി. മേഖല, തോട്ടം മേഖല ഇവിടങ്ങളിൽ സ്ത്രീകൾക്ക് തുല്യ വേതനവും സുരക്ഷിതമായ തൊഴിൽ സാഹചര്യവും ഉറപ്പാക്കാനുള്ള നിയമ നിർമ്മാണവും നമുക്ക് നടത്താനായി. രാത്രികാല ഷിഫ്റ്റുകളിൽ ജോലി ചെയ്യാൻ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി നിശ്ചയിക്കാൻ നമുക്ക് സാധിച്ചു. സ്വകാര്യ സ്ഥാപനങ്ങൾ അടക്കം സ്ത്രീകൾക്ക് ഇരുന്ന് ജോലി ചെയ്യാനുള്ള അവകാശങ്ങളും ഉറപ്പാക്കി.

നമ്മുടെ കേരളം പല കാര്യങ്ങളിലും മെച്ചപ്പെട്ട ഒരു സംസ്ഥാനമാണ്. സ്ത്രീകളുടെ കാര്യത്തിലും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ വളരെ മെച്ചപ്പെട്ട നില നമ്മുടെ നാട്ടിലുണ്ടെന്ന് കാണാൻ കഴിയും. എങ്ങനെയാണ് ഈ മാറ്റം ഉണ്ടായത്? ഇപ്പോൾ നമ്മൾ കാണുന്ന സാഹചര്യം ആയിരുന്നില്ല നേരത്തെ. ഈ മാറ്റം ബോധപൂർവ്വമായ ഇടപെടലുകളുടെ ഫലമായി സംഭവിച്ചതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, നമുക്ക് തന്നെ വളരെ ഇരുണ്ടൊരു കാലമുണ്ടായിരുന്നു. സാധാരണ ഗതിയിൽ ആർക്കും അഭിമാനിക്കാൻ കഴിയാത്ത ഒരു കാലം. ആ ഘട്ടത്തിൽ തീണ്ടലുണ്ട്, തൊട്ടുകൂടായ്മയുണ്ട്, പല തരത്തിലുള്ള വിവേചനങ്ങളുണ്ട്, ഉച്ചനീചത്വങ്ങളുണ്ട്. ഇതിനെല്ലാം എതിരെ വലിയ പോരാട്ടങ്ങൾ നമ്മുടെ മണ്ണിൽ നടന്നിട്ടുണ്ട്. അതിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് ആർക്കും തള്ളിക്കളയാൻ ആവില്ല. നമ്മുടെ നാടിന്റെ ദുരവസ്ഥ പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലാണ് നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടായത്. പക്ഷെ നവോത്ഥാനം അതോടു കൂടി അവസാനിക്കുകയായിരുന്നില്ല. നമ്മളെക്കാളും നവോത്ഥാനം ശക്തിപ്പെട്ട സംസ്ഥാനങ്ങൾ ഉണ്ടായിരുന്നു. പക്ഷെ അവിടങ്ങളിൽ എല്ലാം കടുത്ത ജാതിഭേദവും മതഭേദവുമൊക്കെ നിലനിൽക്കുകയാണ്. എന്നാൽ കേരളം മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകുമാറ് മതഭേദവും ജാതിഭേദവും ഇല്ലാതെ എല്ലാവരും സ്വതന്ത്രരായി സോദരത്വത്തോടെ കഴിയുന്ന ഒരു നാടായി മാറി. നവോത്ഥാനത്തിന് ശരിയായ പിന്തുടർച്ച ഇവിടെ ഉണ്ടായതാണ് ഇതിന് ഇടയാക്കിയത്. ദേശീയ പ്രസ്ഥാനവും കേരളത്തിൽ ശക്തിപ്പെട്ടുവന്ന ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളും നവോത്ഥാനത്തിന്റെ പിന്തുടർച്ചക്കാരായി മാറി. അങ്ങനെ വന്നപ്പോൾ കേരളീയ സമൂഹത്തിൽ വലിയ മാറ്റം സംഭവിച്ചു.

നമുക്കറിയാം, ഇന്നുള്ള കേരളം ആയിരുന്നില്ല 1956 വരെ. 1956 നവംബർ 1നാണ് ഇന്ന് നാം കാണുന്ന കേരളം രൂപീകൃതമാകുന്നത്. ആ കേരളത്തിലെ ആദ്യ തിരഞ്ഞെടുപ്പ് 1957 ഏപ്രിലിൽ നടന്നു. ആ തിരഞ്ഞെടുപ്പിൽ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ ഗവൺമെന്റ് നേരത്തെ നമ്മുടെ നാട്ടിൽ ആരംഭിച്ച നവോത്ഥാന മുന്നേറ്റങ്ങൾക്ക് ശരിയായ രീതിയിലുള്ള തുടർച്ചയുണ്ടാക്കി. അതിൽ ഏറ്റവും പ്രധാനമായിരുന്നു ഭൂപരിഷ്കരണം. കേരളത്തിന്റെ പ്രത്യേക വികസന സാഹചര്യത്തിന്, 'കേരളാ മോഡൽ' എന്ന് മറ്റുള്ളവർ വിശേഷിപ്പിച്ച വികസന മാതൃകയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഘടകമായി വർത്തിച്ചത് ഭൂപരിഷ്കരണം ആണ്.

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, മറ്റ് സാമൂഹിക ക്ഷേമ പദ്ധതികളിൽ ഒന്നിലും ഉൾപ്പെടാത്ത, 35നും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സഹോദരിമാർക്ക് പ്രതിമാസം 1000 രൂപ നൽകുന്ന ഒരു പദ്ധതിയാണ് ഈ വർഷം നാം ആരംഭിക്കുന്നത്.**

> സാമ്പത്തികമായ പരാശ്രയത്വം സ്ത്രീകളെ വീടിന്റെ അകങ്ങളിൽ പോലും നിശബ്ദരാക്കുന്ന സാഹചര്യമുണ്ട്. ആ നിശബ്ദതയ്ക്ക് വിരാമമിടുക, ഈ നാട് നിങ്ങളോടൊപ്പം ഉണ്ട് എന്ന സാമൂഹ്യമായ ഉറപ്പ് സഹോദരിമാർക്ക് നൽകുക – അതിനാണ് ഈ പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനം ശ്രമിക്കുന്നത്.

അതിനോടൊപ്പം തന്നെ പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റം. ഇതെല്ലാം സ്ത്രീ സമൂഹത്തിൽ വലിയ മാറ്റം ഉണ്ടാക്കുകയായിരുന്നു. നേരത്തെ ചിലർക്ക് വിദ്യാഭ്യാസത്തിന് അവകാശം നിഷേധിക്കപ്പെട്ടിരുന്നു. ചിലർക്ക് സ്കൂളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. നമ്മുടെ ഊരൂട്ടമ്പലത്ത് ആയിരുന്നല്ലോ പഞ്ചമി എന്ന അന്നത്തെ കുട്ടി പഠിച്ചത്. പഠിക്കാൻ ചെന്ന പഞ്ചമിയെ അവിടെ ഇരുത്താൻ പോലും അന്നത്തെ സവർണ്ണ മേധാവികൾ തയ്യാറായില്ല. അവസാനം കണ്ണീരോടെ ഇറങ്ങേണ്ടി വന്നു. അതറിഞ്ഞ മഹാനായ അയ്യങ്കാളി പഞ്ചമിയുടെ കയ്യും പിടിച്ച് ഊരൂട്ടമ്പലം സ്കൂളിലേക്ക് ചെല്ലുന്നു, ആ വാർത്ത കേട്ടപ്പോൾ ചിലർ സ്കൂളിന് തീയിടുന്നു – ഇതെല്ലാം ഒരു കാലത്തുണ്ടായ കാര്യമാണ്.

1957ൽ അധികാരത്തിൽ വന്ന ഇ.എം.എസ്സിന്റെ സർക്കാർ സാർവ്വത്രിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തു. അത് നടക്കണമെങ്കിൽ സ്കൂളുകൾ വലിയ തോതിൽ വരണമായിരുന്നു. നമ്മുടെ കേരളത്തിലെ മഹാഭൂരിഭാഗവും വിദ്യാഭ്യാസ സൗകര്യം ലഭിക്കാത്തവരായിരുന്നു. നല്ല നിലയ്ക്ക് സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. നേരത്തെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്കടക്കം വിദ്യ അഭ്യസിക്കാനുള്ള അവസരം കിട്ടി.

ഇവിടെ ഏറ്റവും വലിയ ഗുണം സ്ത്രീകൾക്കാണ് ഉണ്ടായത്. നല്ലതു പോലെ സ്കൂളുകളിൽ പെൺകുട്ടികൾ ചേരുന്ന അവസ്ഥ വന്നു. മാത്രമല്ല, കേരളത്തിലെ വിദ്യാർത്ഥികളുടെ എണ്ണം എടുത്താൽ അതിൽ ഭൂരിഭാഗം പെൺകുട്ടികളാണ് എന്ന് നമുക്ക് കാണാൻ കഴിയും. ഇന്ന് പ്രൊഫഷണൽ രംഗത്തടക്കം സ്ത്രീകൾക്ക് വലിയ മുൻതൂക്കമുണ്ട്. അന്ന്, പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് പഠിക്കാനുള്ള പ്രയാസം ഉണ്ടായിരുന്നു. വീടിന്റെ സാഹചര്യം ഒരു ഭാഗത്ത്. സ്കൂളിൽ കൊടുക്കേണ്ട ഫീസിനുള്ള വകയില്ല. 1957 ലെ ഇ.എം.എസ്സിന്റെ ഗവൺമെന്റ് ആദ്യമായി പ്രൈമറി തലത്തിലെ വിദ്യാർത്ഥികൾ സ്കൂൾ ഫീസ് നൽകേണ്ടതില്ല എന്ന നിലപാട് സ്വീകരിച്ചു. 1967 ൽ വീണ്ടും ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നു. അപ്പോഴാണ് സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമാക്കിയത്. ഇതിന്റെ ചുവട് പിടിച്ച് ആ മാതൃക പിന്തുടർന്നു കൊണ്ടാണ്, കേരളത്തിലെ ഡിഗ്രി കോഴ്സുകൾ ഇനിയങ്ങോട്ട് സൗജന്യമായിരിക്കുമെന്ന് കഴിഞ്ഞ കേരള ബജറ്റിൽ നമ്മുടെ ധനമന്ത്രി പ്രഖ്യാപിച്ചത്. അപ്പോൾ എന്താണ് സംഭവിക്കുന്നത്? കേരളത്തിലെ പ്രൈമറി തലം മുതൽ ഡിഗ്രി തലം വരെയുള്ള എല്ലാ പഠനവും സൗജന്യമാവുന്നു. ഏത് പാവപ്പെട്ട കുടുംബത്തിലെ കുട്ടിക്കും ആ കുട്ടി ആഗ്രഹിക്കുന്നിടം വരെ പഠിച്ചുയരാനുള്ള സാഹചര്യം കേരളത്തിലുണ്ട്. ഇത് രാജ്യത്തെ വേറിട്ട ഒരു കാഴ്ചയാണ്. മറ്റു പലയിടത്തും പൊതു വിദ്യാലയങ്ങളേ അടഞ്ഞു പോയി. സ്കൂളിൽ പോകാത്ത, സ്കൂളിന്റെ പടി കടക്കാത്ത കുട്ടികൾ രാജ്യമാകെ എടുത്താൽ കോടിക്കണക്കിലാണ്. വിവിധ സംസ്ഥാനങ്ങളിൽ ലക്ഷക്കണക്കിലാണ്. നമ്മുടെ കേരളത്തിലെ എല്ലാ കുട്ടികളും വിദ്യാഭ്യാസത്തിനായി സ്കൂളുകളിൽ എത്തുന്നു. നമ്മുടെ പരമ്പരാഗത കുടുംബങ്ങളിൽ ഉള്ളവർ മാത്രമല്ല, കേരളത്തിൽ ജോലി തേടി എത്തുന്ന അതിഥി തൊഴിലാളികളും അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നുണ്ട്. അവർക്കുള്ള സൗകര്യവും നാം ചെയ്തു കൊടുക്കുന്നു. ഇങ്ങനെ വിദ്യാഭ്യാസത്തിലൂടെ നമ്മുടെ സമൂഹത്തിന്, പ്രത്യേകിച്ച് സ്ത്രീ സമൂഹത്തിന് വലിയ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് നാം പ്രത്യേകമായി കാണേണ്ടതാണ്.

ഇങ്ങനെയെല്ലാം ഉണ്ടെങ്കിലും പലവിധ പ്രയാസങ്ങൾ സ്ത്രീകൾ അനുഭവിക്കുന്നു. അവർക്ക് നിശ്ചിത വരുമാനം ഉണ്ടാവണം. അതിനു വേണ്ടിയാണ് തുടക്കത്തിൽ 1000 രൂപ നമ്മുടെ സഹോദരിമാർക്ക് നൽകുന്ന ഒരു പദ്ധതി. ഇപ്പോൾ തുടങ്ങുന്ന ഒരു പദ്ധതി എന്ന നിലയിലാണ് 1000 രൂപ പ്രഖ്യാപിച്ചിരിക്കുന്നത്. നമ്മുടെ സാമൂഹ്യ ക്ഷേമ പെൻഷന്റെ അനുഭവം നിങ്ങൾ ഓർത്തു നോക്കു. 60 ലക്ഷം പേർക്കാണ് സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നത്. സാമൂഹ്യ ക്ഷേമ പെൻഷൻ തുടങ്ങിയത് 45 രൂപയിൽ നിന്നാണ്. ഇന്നത് 2000 രൂപയിൽ എത്തിനിൽക്കുകയാണ്. ആ 2000 രൂപ കൃത്യമായി വീഴ്ചയില്ലാതെ നൽകുകയാണ്.

സ്ത്രീകൾക്കും ട്രാൻസ് വുമൺ വിഭാഗത്തിൽ പെട്ടവർക്കും ഇതിന് അർഹതയുണ്ട്. മാത്രല്ല, കേരളത്തിന്റെ വലിയ തോതിലുള്ള മാറ്റത്തിനാണ് ഇത് ചാലക ശക്തിയായി മാറുക. അതിന്റെ ഭാഗമായി യുവജനങ്ങൾ പഠനം കഴിഞ്ഞ് അവർക്ക് ജോലിക്കാവശ്യമായ 'സ്കിൽസ്' സമ്പാദിക്കണം. സർക്കാർ അവർക്ക് അതിനാവശ്യമായ പിന്തുണ നൽകുകയാണ്. അവർക്കും മാസംതോറും 1000 രൂപ നൽകുകയാണ്. നാം വികസനത്തിന്റെ പുതിയ വഴിയിലൂടെ

സഞ്ചരിക്കുകയാണ്. ഇതൊക്കെ തെറ്റാണ്, ചെയ്യാൻ പാടില്ലാത്തതാണ് എന്ന് പറയുന്ന സാമ്പത്തിക ശാസ്ത്രക്കാരുണ്ട്. ആ ശാസ്ത്രത്തോടല്ല നമുക്ക് യോജിപ്പ്. നാട്ടിൽ എല്ലാവർക്കും വികസനത്തിന്റെ സ്വാദ് അനുഭവിക്കാൻ കഴിയണം. എല്ലാ പ്രദേശ ങ്ങൾക്കും വികസനത്തിന്റെ സ്പർശം ഏൽക്കാൻ ആവണം. അതിന്റെ ഭാഗമായാണ് കേരളത്തിലെ ഓരോ രംഗവും ഇപ്പോൾ അഭിവൃദ്ധിപ്പെട്ടു വന്നിട്ടു ള്ളത്.

നമ്മുടെ വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും കേന്ദ്ര ഗവൺമെന്റിന്റെ നീതി അയോഗിന്റെയും മറ്റും ഇന്ത്യയിലെ ഒന്നാം സ്ഥാനം കേരളത്തിന് തുടർച്ച യായി നേടിത്തന്നു കൊണ്ടിരിക്കുകയാണ്. ഇതെല്ലാം വലിയ തോതിൽ ആളുകളെ സഹായിക്കുന്ന കാര്യമാണ്. ആശുപത്രികളിൽ വന്ന മാറ്റം വലുതാണ്. അതിൽ തന്നെ സ്ത്രീകളുമായി ബന്ധപ്പെട്ട ചില രോഗങ്ങളുടെ കാര്യത്തിൽ - ക്യാൻസർ ചികിത്സ അടക്കമുള്ള കാര്യങ്ങളിൽ - പ്രത്യേകമായ ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നാടിന്റെ ആരോഗ്യ സ്ഥാപനങ്ങളിൽ മാറ്റം വരുമ്പോൾ, ആ മാറ്റത്തിന്റെ ഏറ്റവും പ്രധാന ഗുണഭോക്താക്കൾ സ്ത്രീകൾ തന്നെയാണ്. ഏത് ആശുപത്രിയിൽ പോയാലും മികച്ച ചികിത്സ ലഭിക്കും. പ്രാഥമിക ആരോഗ്യ കേന്ദ്രം മാത്രമല്ല, ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമല്ല, താലൂക്ക് ആശുപത്രി മുതൽ മെഡിക്കൽ കോളേജ് ആശുപത്രി വരെ എല്ലായിടത്തും വൻ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.

നമ്മുടെ രാജ്യത്ത് ഏറ്റവും കുറഞ്ഞ നവജാത ശിശു മരണ നിരക്ക് കേരളത്തിലാണ്. രാജ്യവുമായി താരതമ്യം ചെയ്താൽ മാത്രമല്ല നമ്മൾ മുന്നിൽ നിൽക്കുന്നത്. അമേരിക്കയിലെ നവജാത ശിശു മരണ നിരക്ക് 5.6 ആണ്. നമ്മുടേത് 5 ആണ്. നവജാത ശിശുമരണ നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ അമേരിക്കയെ കവച്ചുവെക്കാൻ നമ്മുടെ കേരളത്തിന് കഴിഞ്ഞിരിക്കുന്നു.

മാതൃമരണ നിരക്ക് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് കേരളത്തിലാണ്. ഇതു പോലുള്ള കാര്യങ്ങൾ ഇനിയും നമുക്ക് നേടേണ്ടതുണ്ട്. തുടർ പ്രവർത്തനങ്ങൾ നല്ല നിലയ്ക്ക് നടത്തേണ്ടതുണ്ട്. നാം ലക്ഷ്യമിടുന്ന നവകേരളം ഒരു സ്വപ്നമല്ല, ഈ കാലത്തു തന്നെ യഥാർഥ്യമാക്കാനുള്ള ഒരു പദ്ധതിയാണ്. നവകേരളം എന്നതു കൊണ്ട് നാം ഉദ്ദേശിക്കുന്നത് എന്താണ്!? വികസിത രാഷ്ട്രങ്ങളിലെ, മധ്യ വരുമാന രാഷ്ട്രങ്ങളിലെ, ജീവിത നിലവാര ത്തോതിലേക്ക് നമ്മുടെ നാടിന്റെ ജീവിത നിലവാര ത്തോത് ഉയർത്തണം. ഈ കാര്യങ്ങളിൽ നിങ്ങൾ എല്ലാവരുടെയും സഹായവും സഹകരണവും പിന്തുണയും ഉണ്ടാകണം. ഒരു 'നവകേരളം', നമുക്ക് സൃഷ്ടിക്കാം.

അതോടൊപ്പം, സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അപേക്ഷ കൊടുക്കാൻ അർഹതയുള്ള ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ പെട്ടെന്ന് തന്നെ അപേക്ഷ നൽകണം. അതിൽ കാലതാമസം ഉണ്ടാ ക്കരുത് എന്നുകൂടി പറഞ്ഞുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ ഈ സ്ത്രീ സുരക്ഷാ പദ്ധതി നാടിന് സമർപ്പിച്ചതായി അറിയിച്ചുകൊണ്ട് അവസാനി പ്പിക്കുന്നു. നിങ്ങൾക്കെന്റെ സ്നേഹാഭിവാദ്യങ്ങൾ.'



ലൈഫ് –

# അഞ്ചു ലക്ഷം സ്വപ്നങ്ങൾക്ക് മേൽക്കൂരയൊരുക്കി കേരളം !

സംസ്ഥാനത്തെ ഭവനരഹിതരില്ലാത്ത നാടാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലൂടെ അഞ്ചു ലക്ഷം വീടുകൾ പൂർത്തിയായതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. തിരുവനന്തപുരം പൂജപ്പുര മൈതാനത്ത് നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, വി. അബ്ദുറഹ്മാൻ തുടങ്ങിയവർ പങ്കെടുത്തു.

ലൈഫ് മിഷനിലൂടെ വീടു നിർമ്മാണം പൂർത്തിയാക്കിയ അഞ്ച് ലക്ഷം കുടുംബങ്ങളെ പ്രതി നിധീകരിച്ച് അമ്പൂരി ഗ്രാമപഞ്ചായത്തിലെ സജിത ഭവനിൽ സജിത കുമാരിയും, നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ സലീന മൻസിലിൽ മുംതാസും മുഖ്യമന്ത്രിയിൽ നിന്ന് വീടിന്റെ മാതൃകയും താക്കോലും ഏറ്റുവാങ്ങി.

പാവപ്പെട്ടവർക്ക് ഭൂമി നൽകാൻ തയ്യാറായ സുമനസ്സുകളെയും ലൈഫ് മിഷനെ സഹായിച്ച കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, ലയൺസ് ഇന്റർനാഷണൽ, ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളെയും ചടങ്ങിൽ ആദരിച്ചു. കരകുളം പഞ്ചായത്തിലെ കോമളകുമാരിയുടെ പുതിയ വീട്ടിൽ നടന്ന ഗൃഹപ്രവേശ ചടങ്ങിലും മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്തു.



പാവപ്പെട്ട അഞ്ച് ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകാനായത് കേരളത്തിന് അഭിമാനം പകരുന്ന കാര്യമാണെന്ന് ചടങ്ങിൽ സംസാരിച്ച മുഖ്യമന്ത്രി പറഞ്ഞു. സ്വന്തം വീട്ടിൽ കിടന്നുറങ്ങാൻ കഴിയുന്നു എന്ന ആത്മാഭിമാനം ഈ അഞ്ച് ലക്ഷം കുടുംബങ്ങളുടെ മനസ്സിലുണ്ടായി. ലൈഫ് പദ്ധതി പോലെ മാതൃകാപരമായ മറ്റൊരു ഭവന പദ്ധതി രാജ്യത്ത് എവിടെയുമില്ലെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. നാടാകെ ഇതുമായി സഹരിക്കാൻ തയ്യാറായി എന്നതാണ് ലൈഫ് പദ്ധതിയുടെ പ്രധാന നേട്ടം. ജനാധിപത്യപരമായാണ് അർഹരെ കണ്ടെത്തിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വീട് നിർമ്മാണത്തിന് നേതൃത്വപരമായ പങ്ക് വഹിച്ചത്, മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തിനും ലോകത്തിനും കേരളം പുതിയ മാതൃകയാണ് ലൈഫ് മിഷനിലൂടെ സമ്മാനിക്കുന്നതെന്ന് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. അടച്ചുറപ്പുള്ള വീട് ഓരോ മനുഷ്യന്റെയും അവകാശമാണ്. അതുറപ്പാക്കാൻ ഇച്ഛാശക്തിയോടെ സർക്കാർ പ്രവർത്തിച്ചു. ലൈഫ് മിഷനിലൂടെ യഥാർഥ കേരളാ സ്റ്റോറി ഒരിക്കൽ കൂടി രാജ്യം കാണുകയാണെന്നും മന്ത്രി പറഞ്ഞു.

**ലൈഫ് മിഷന് വേണ്ടി കേരളം ചെലവഴിച്ചത് 20831.6 കോടി രൂപയാണ്. ഇതിൽ 18,342.7 കോടിയും (88.05%) സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിഹിതവും വായ്പയുമാണ്. സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി എടുക്കുന്ന വായ്പയുടെ പലിശ പൂർണമായി സംസ്ഥാന സർക്കാർ നേരിട്ടാണ് തിരിച്ചടയ്ക്കുന്നത്.**






ലൈഫ് മിഷന് വേണ്ടി കേരളം ചെലവഴിച്ചത് 20831.6 കോടി രൂപയാണ്. ഇതിൽ 18,342.7 കോടിയും (88.05%) സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിഹിതവും വായ്പയുമാണ്. സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി എടുക്കുന്ന വായ്പയുടെ പലിശ പൂർണമായി സംസ്ഥാന സർക്കാർ നേരിട്ടാണ് തിരിച്ചടയ്ക്കുന്നത്. മുതൽ സംസ്ഥാന സർക്കാർ നൽകുന്ന പ്ലാൻ ഫണ്ടിൽ നിന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കുന്നു. ശേഷിക്കുന്ന 2488.9 കോടി രൂപയാണ് കേന്ദ്രവിഹിതമായി ലഭിച്ചത്. ഇത് ലൈഫ് പദ്ധതിയിലെ ആകെ ചെലവിന്റെ 11.95 ശതമാനമാണ്. പിഎംഎവൈ ഗ്രാമീൺ, അർബൻ വിഭാഗത്തിൽപ്പെട്ട വീടുകൾക്കു മാത്രമാണ് കേന്ദ്രത്തിന്റെ സഹായം ലഭിച്ചത്. ഗ്രാമീണ മേഖലയിൽ 72000 രൂപയും നഗരത്തിൽ ഒന്നരലക്ഷം രൂപയുമാണ് കേന്ദ്രം നൽകുന്നത്. ആകെ 1,34,134 വീടുകൾക്കാണ് കേന്ദ്രത്തിന്റെ സഹായം ലഭിച്ചത്. ഈ ഗുണഭോക്താക്കൾക്കും മറ്റ് വിഹിതങ്ങൾ കൂടി ചേർത്ത് ഏകീകരിച്ച തുകയായ നാല് ലക്ഷം രൂപയാണ് സംസ്ഥാനം നൽകുന്നത്. നിർമ്മാണം

**18 ഭവനസമുച്ചയങ്ങളാണ് ഇതിനകം ഭൂരഹിത ഭവന രഹിതർക്കായി ലൈഫ് മിഷൻ നൽകിയത്. നാലെണ്ണം നിർമ്മിച്ചും ഒരെണ്ണം വിലയ്ക്ക് വാങ്ങിയും 13 എണ്ണം മറ്റ് ഏജൻസികളുമായി ചേർന്ന് നിർമ്മിച്ചുമാണ് ഗുണഭോക്താക്കൾക്ക് നൽകിയത്. 23 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.**



> **ലൈഫ് മിഷൻ വഴി ഇതുവരെ അനുവദിച്ച 6,04,046 വീടുകളിൽ 5,00,364 വീടുകളാണ് പൂർത്തിയായത്, ശേഷിക്കുന്ന 1,03,682 വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.**

പൂർത്തിയാക്കിയ 3,66,230 വീടുകൾക്കും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലൈഫ് മിഷൻ നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ തുകയും ലഭ്യമാക്കി.

18 ഭവനസമുച്ചയങ്ങളാണ് ഇതിനകം ഭൂരഹിത ഭവനരഹിതർക്കായി ലൈഫ് മിഷൻ നൽകിയത്. നാലെണ്ണം നിർമ്മിച്ചും ഒരെണ്ണം വിലയ്ക്ക് വാങ്ങിയും 13 എണ്ണം മറ്റ് ഏജൻസികളുമായി ചേർന്ന് നിർമ്മിച്ചുമാണ് ഗുണഭോക്താക്കൾക്ക് നൽകിയത്. 23 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ഇതിനകം 29.2 ഏക്കർ ഭൂമി ഭൂരഹിതർക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ രണ്ടരലക്ഷം രൂപ വീതം നൽകി 1506 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ യുടെ നേതൃത്വത്തിൽ നൂറ് ഭൂരഹിത ഭവനരഹിതർക്ക് വീട് വെച്ച് നൽകാനുള്ള പ്രവൃത്തി പുരോഗമിക്കുകയാണ്.

ലൈഫ് മിഷൻ വഴി ഇതുവരെ അനുവദിച്ച 6,04,046 വീടുകളിൽ 5,00,364 വീടുകളാണ് പൂർത്തിയായത്, ശേഷിക്കുന്ന 1,03,682 വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആകെ 20,831.60 കോടി രൂപ ഇതിനായി ചെലവഴിച്ചു. 2017 മെയ് 23-ന് തുടക്കം കുറിച്ച ലൈഫ് പദ്ധതിയിൽ ഓരോ പത്തു മിനിറ്റിലും ഒരു വീട് എന്ന റെക്കോർഡ് വേഗതയിലാണ് നിർമ്മാണം പുരോഗമിച്ചത്. പ്രതിദിനം ശരാശരി 152 വീടുകൾ പൂർത്തീകരിച്ചു. സങ്കേതങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആറു ലക്ഷം രൂപയും മറ്റുള്ളവർക്ക് നാലു ലക്ഷം രൂപയുമാണ് ഒരു വീടിന് സഹായമായി നൽകുന്നത്. ഇത് രാജ്യത്തെ ഏറ്റവും ഉയർന്ന ധനസഹായ ത്തുകയാണ്.



**സജീന്ദ്രബാബു. ജെ**
പ്രോഗ്രാം മാനേജർ
ലൈഫ് മിഷൻ



# ലൈഫ് – സമാനതകളില്ലാത്ത ഭവന പദ്ധതി

സംസ്ഥാനത്തെ അർഹരായ എല്ലാ ഭവന രഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. വിവിധ സംസ്ഥാന പദ്ധതികളും കേന്ദ്ര പദ്ധതികളും സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾ മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതിനായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം നിലച്ചുപോയ 54,116 വീടുകൾ പൂർത്തീകരിക്കുന്നതിനായി കണ്ടെത്തുകയുണ്ടായി. ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുകയും 52,680 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു.

2017-ൽ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്ക് അവ ഹാജരാക്കുന്നതനുസരിച്ച് ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

ലൈഫ് ഭവനപദ്ധതിയുടെ 2017ൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതെ പോയ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിലെ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ലൈഫ് മിഷന് കൈമാറുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക്



2019-ൽ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. 2017-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ വിഭാഗങ്ങളിലെ അർഹരായ കുടുംബങ്ങളെ കണ്ടെത്തുകയും ലൈഫ് അർഹതാ മാനദണ്ഡപ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് അധിക ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുകയും ലൈഫ് മാനദണ്ഡപ്രകാരം പരിശോധനയും പുനഃപരിശോധനയും പൂർത്തിയാക്കി ഗ്രാമസഭ/വാർഡ്സഭയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അംഗീകാരത്തോടെ ഈ ലിസ്റ്റ് അന്തിമമാക്കുകയുമുണ്ടായി. ഇങ്ങനെ തയ്യാറാക്കിയ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വനിതകൾക്കും ഭിന്നശേഷിക്കാർക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്കും പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ഭവനപദ്ധതികളെയും കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം.എ.വൈ (ഗ്രാമീൺ/അർബൻ) എന്നിവയെയും ലൈഫ് മിഷനുമായി സംയോജിപ്പിച്ചു. കേന്ദ്ര വിഹിതമായി 72,000 രൂപ ലഭിക്കുന്ന പിഎംഎവൈ (ഗ്രാമീൺ), 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ (നഗരം) എന്നീ






**സംസ്ഥാനത്തെ വിവിധ ഭവനപദ്ധതികളെയും കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം.എ.വൈ (ഗ്രാമീൺ/അർബൻ) എന്നിവയെയും ലൈഫ് മിഷനുമായി സംയോജിപ്പിച്ചു. കേന്ദ്ര വിഹിതമായി 72,000 രൂപ ലഭിക്കുന്ന പിഎംഎവൈ (ഗ്രാമീൺ), 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ (നഗരം) എന്നീ സ്കീമുകളുടെ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലുൾപ്പെടുത്തി നാല് ലക്ഷം രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്.**

സ്കീമുകളുടെ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലുൾപ്പെടുത്തി നാല് ലക്ഷം രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്.

രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ള ഭവനപദ്ധതികളിലെ ഏറ്റവും നല്ല മാതൃകകളിൽ ഒന്നായ ലൈഫ് മിഷൻ പദ്ധതിയെ 'a multifaceted convergence and community based model എന്നും a comprehensive framework to promote affordable Housing' എന്നുമാണ് നീതി ആയോഗിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. ലൈഫ് മിഷന്റെ ഭാഗമായി 23.02.2026 വരെ 6,04,046 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിൽ 5,00,364 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,03,682 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഈ പദ്ധതിയിലൂടെ 6,04,046 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു. ജനറൽ/എസ്.സി. വിഭാഗങ്ങൾക്ക് 4,00,000 രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും, ദുർഘട പ്രദേശങ്ങളിലുമുള്ള പട്ടികവർഗ്ഗക്കാർക്ക് 6,00,000/- രൂപയും ധനസഹായമായി അനുവദിക്കുന്നു എന്നതും ജീവനോപാധി പ്രദാനം ചെയ്യുന്നു എന്നതും മറ്റ് പദ്ധതികളിൽ നിന്നും ലൈഫ് ഭവനപദ്ധതിയെ വ്യത്യസ്തമാക്കുന്നു.

ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണത്തിനായി 23.02.2026 വരെ 20,831.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, സംസ്ഥാന വിഹിതം, വായ്പാ വിഹിതം, കേന്ദ്ര

വിഹിതം എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച അഞ്ച് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി 24.02.2026ന് നിർവ്വഹിക്കുകയുണ്ടായി. ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രിമാർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ലൈഫ് ഭവനപദ്ധതി പ്രകാരം 2017-18 മുതൽ 22.02.2026 വരെ ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവന സമുച്ചയങ്ങളിൽ നാല് സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഒരെണ്ണം വിലയ്ക്ക് വാങ്ങിയതും 13 എണ്ണം മറ്റ് ഏജൻസികളുമായി ചേർന്ന് നിർമ്മിച്ചതുമടക്കം 18 സമുച്ചയങ്ങളാണ് മിഷൻ ഇതിനകം നൽകിയത്.

**ജനറൽ/ എസ്.സി. വിഭാഗങ്ങൾക്ക് 4,00,000 രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും, ദുർഘട പ്രദേശങ്ങളിലുമുള്ള പട്ടികവർഗ്ഗക്കാർക്ക് 6,00,000/ രൂപയും ധനസഹായമായി അനുവദിക്കുന്നു എന്നതും ജീവനോപാധി പ്രദാനം ചെയ്യുന്നു എന്നതും മറ്റ് പദ്ധതികളിൽ നിന്നും ലൈഫ് ഭവനപദ്ധതിയെ വ്യത്യസ്തമാക്കുന്നു.**

| ജില്ല/ | അനുവദിച്ച വീടുകൾ | നിർമ്മാണം പൂർത്തീകരിച്ച വീടുകൾ | നിർമ്മാണം പുരോഗമിക്കുന്ന വീടുകൾ/ |
|---|---|---|---|
| തിരുവനന്തപുരം | 73168 | 60385 | 12803 |
| കൊല്ലം | 50322 | 43391 | 6931 |
| പത്തനംതിട്ട | 18585 | 15543 | 3042 |
| ആലപ്പുഴ | 43250 | 36493 | 6757 |
| കോട്ടയം | 25090 | 21041 | 4049 |
| ഇടുക്കി | 33780 | 26940 | 6840 |
| എറണാകുളം | 41977 | 38324 | 3653 |
| തൃശൂർ | 44842 | 37409 | 7433 |
| പാലക്കാട് | 70378 | 53178 | 17200 |
| മലപ്പുറം | 75533 | 59094 | 15838 |
| കോഴിക്കോട് | 43616 | 37358 | 6258 |
| വയനാട് | 33034 | 27872 | 5162 |
| കണ്ണൂർ | 26403 | 23408 | 2995 |
| കാസർഗോഡ് | 24049 | 19328 | 4721 |
| **ആകെ** | **604046** | **500364** | **103682** |

| ജില്ല / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത്നൽകിയ ഭൂമി (സെന്റിൽ) | |
|---|---|
| തിരുവനന്തപുരം | 383.47 |
| കൊല്ലം | 283 |
| പത്തനംതിട്ട | 21 |
| ആലപ്പുഴ | 39 |
| കോട്ടയം | 406.007 |
| ഇടുക്കി | 31 |
| എറണാകുളം | 208.754 |
| തൃശൂർ | 336.983 |
| പാലക്കാട് | 367.5 |
| മലപ്പുറം | 187.75 |
| കോഴിക്കോട് | 100.75 |
| വയനാട് | 100.25 |
| കണ്ണൂർ | 255 |
| കാസർഗോഡ് | 200 |
| **ആകെ** | **2920.464** |

23 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

## 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി 23.02.2026 വരെ 2920.464 സെന്റ് (29.21 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഗുണഭോക്താക്കൾക്കോ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച : 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതു പ്രകാരം 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കി. 1000 കുടുംബങ്ങൾക്കു കൂടി ഭൂമി



ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിന്റെ ധാരണാപത്രം ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 11.12.2024 ന് ഒപ്പിട്ടു. ഇതിന്റെ ഭാഗമായി 506 പേരുടെ രജിസ്ട്രേഷൻ നടപികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് – ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിത കുടുംബങ്ങൾക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എയുടെ ആഭിമുഖ്യത്തിൽ വീട് വച്ചു നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച ധാരണാ പത്രത്തിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തും, കിളിമാനൂർ, കടക്കൽ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും ഒരു അമിനിറ്റി സെന്ററുമാണ് ഇതിന്റെ ഭാഗമായി നിർമ്മിക്കുന്നത്. കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ വീടുകളുടെ നിർമാണം പുരോഗമിക്കുകയാണ്.

## ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി

ലൈഫ് മിഷൻ അനേർട്ടുമായി കൈകോർത്ത് ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 500 വീടുകൾക്ക് സൗരോർജ്ജ നിലയങ്ങൾ സൗജന്യമായി സ്ഥാപിച്ച് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇതിലൂടെ ഈ കുടുംബങ്ങൾക്ക് വൈദ്യുതിയും അധിക വരുമാനവും ലഭിക്കും. സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി'യിൽ ഉൾപ്പെടുത്തിയാണ് സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നത്. പ്രതിദിനം ശരാശരി എട്ടു യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള രണ്ട് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് വീടുകളിൽ സ്ഥാപിക്കുന്നത്. ഒരു പ്ലാന്റിന് ഏകദേശം 1.35 ലക്ഷമാണ് ചെലവ് വരുന്നത്. നിർമാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വീടുകളിലെ ഉപയോഗത്തിനു ശേഷം മിച്ചമുള്ള വൈദ്യുതി KSEB-ക്ക് നൽകി വരുമാനം നേടാനും സാധിക്കും. പ്രതിമാസം ശരാശരി 100 യൂണിറ്റ് ഉപയോഗമുള്ള വീടുകളിൽ ഈ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 1200 യൂണിറ്റ് വൈദ്യുതി മിച്ചം വരും. ഈ അധിക വൈദ്യുതി KSEBക്ക് നൽകുന്നത് വഴി പ്രതിവർഷം 4,000 രൂപ വരെ വരുമാനം നേടാം. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി ലഭ്യമാക്കുന്നുണ്ട്. ഉദ്ഘാടനം കഴിഞ്ഞ ലൈഫ് ഭവനസമുച്ചയങ്ങളിൽ പൊതുയിടങ്ങളിലെ വൈദ്യുതി ഉപയോഗത്തിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.







## ആവേശം പകർന്ന് തദ്ദേശ ദിനാഘോഷം:

# വികസന കാഴ്ചകളും കലാവിരുന്നും പങ്കു വച്ച് കണ്ണൂർ

2026-ലെ സംസ്ഥാന തദ്ദേശ സ്വയംഭരണ ദിനാഘോഷങ്ങൾക്ക് കണ്ണൂർ വേദിയായി. ഫെബ്രുവരി 18, 19 തീയതികളിൽ ആന്തൂർ നഗരസഭയിലെ കെ.എ.പി. ഗ്രൗണ്ടിലും മാങ്ങാട്ടുപറമ്പ് ഗവ. എൻജിനീയറിംഗ് കോളജ് പരിസരത്തുമായി നടന്ന ആഘോഷങ്ങൾ ജനപങ്കാളിത്തം കൊണ്ടും പരിപാടകളുടെ വൈവിധ്യം കൊണ്ടും ശ്രദ്ധേയമായി.

ഫെബ്രുവരി 18-ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ വലിയൊരു നിര ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഫെബ്രുവരി 19-ന് നടന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ സമാപന സമ്മേളന വേദിയിൽ വിതരണം ചെയ്തു.

ആഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 13 മുതൽ 23 വരെ വിപുലമായ അനുബന്ധ പരിപാടികളാണ് സംഘടിപ്പിച്ചത്. മാങ്ങാട്ടുപറമ്പ് ഗവ. എൻജിനീയറിംഗ് കോളേജ് ഗ്രൗണ്ടിൽ നടന്ന വികസന എക്സിബിഷൻ പ്രതിനിധികളും പൊതുജനങ്ങളും സന്ദർശിച്ചു. രുചി വൈവിധ്യങ്ങൾ ഒരുക്കിയ കുടുംബശ്രീ ഇന്ത്യാ ഫുഡ് കോർട്ടും ശ്രദ്ധേയമായി.




അതിദാരിദ്ര്യ നിർമാർജനം, കെ-സ്മാർട്ട്, ഡിജിറ്റൽ സാക്ഷരത തുടങ്ങിയ പ്രധാന പദ്ധതികൾ വിലയിരുത്തിയ പ്രതിനിധി സമ്മേളനം ഭാവി പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്തു. പ്രാദേശിക സർക്കാരുകളുടെ സാംസ്കാരിക നയം, ഉത്തരവാദിത്വ ടൂറിസം, ദുരന്ത നിവാരണം, സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം എന്നീ വിഷയങ്ങളിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടന്ന സെമിനാറുകളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

13 മുതൽ 19 വരെ നടന്ന കൾച്ചറൽ ഫെസ്റ്റിവലിൽ പ്രമുഖ കലാകാരന്മാരുടെ മെഗാ ഷോകൾ, സംഗീത പരിപാടികൾ, നൃത്താവിഷ്ക്കാരം തുടങ്ങിയവ അരങ്ങേറി. തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കലാമത്സരങ്ങളും ഐ.എഫ്.എഫ്.കെ റീജിയണൽ ഫിലിം ഫെസ്റ്റിവലും നടന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ നാളിതുവരെയുള്ള നേട്ടങ്ങളും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അനുഭവങ്ങളും വരച്ചു കാട്ടിയ തദ്ദേശ ദിനാഘോഷം കണ്ണൂരിന്റെ ആതിഥ്യമര്യാദയും സംഘാടന മികവും കൊണ്ട് ഹൃദ്യമായി.






# വികസന മികവിന് അംഗീകാരം;

## സംസ്ഥാനത്തെ മികച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു

സംസ്ഥാനത്തെ 2024-25 വർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി, മഹാത്മാ, മഹാത്മാ അയ്യങ്കാളി, ലൈഫ് മിഷൻ പുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് വിതരണം ചെയ്തു. തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിലാണ് വിവിധ വിഭാഗങ്ങളിൽ മികച്ച നേട്ടം കൈവരിച്ച പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള അവാർഡ് തുകയും ട്രോഫികളും സാക്ഷ്യപത്രവും മന്ത്രി സമ്മാനിച്ചത്.

സ്വരാജ് ട്രോഫിയിൽ സംസ്ഥാനതലത്തിലെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം കൊല്ലം ജില്ലാ പഞ്ചായത്ത് സ്വന്തമാക്കി. കണ്ണൂർ ജില്ലാ പഞ്ചായത്താണ് രണ്ടാം സ്ഥാനത്തെത്തിയത്. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 50 ലക്ഷം രൂപയും 40 ലക്ഷം രൂപയുമാണ് സമ്മാനത്തുക. കോർപ്പറേഷൻ വിഭാഗത്തിൽ 50 ലക്ഷം രൂപയുടെ അവാർഡ് തുകയോടെ തിരുവനന്തപുരം കോർപ്പറേഷൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ബ്ലോക്ക് പഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്ത് സംസ്ഥാന തലത്തിൽ ഒന്നാമതെത്തി. തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം നേടി. മലപ്പുറത്തെ പെരുമ്പടപ്പ്, കോട്ടയത്തെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തുകൾ മൂന്നാം സ്ഥാനം പങ്കിട്ടു.

ഗ്രാമപഞ്ചായത്തുകളുടെ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്താണ് ഒന്നാം സ്ഥാനത്തെത്തിയത്. തൃശൂരിലെ എളവള്ളി രണ്ടാം സ്ഥാനവും കോഴിക്കോട്ടെ മാണിയൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക്







യഥാക്രമം 50, 40, 30 ലക്ഷം രൂപ വീതമാണ് സമ്മാനത്തുക. നഗരസഭകളിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി ഒന്നാം സ്ഥാനവും മട്ടന്നൂർ മുനിസിപ്പാലിറ്റി രണ്ടാം സ്ഥാനവും കുന്നംകുളം മുനിസിപ്പാലിറ്റി മൂന്നാം സ്ഥാനവും നേടി.

ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 20 ലക്ഷം രൂപയും 10 ലക്ഷം രൂപയുമാണ് ലഭിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ മംഗലപുരം ഒന്നാമതെത്തിയപ്പോൾ കൊല്ലത്ത് ശാസ്താംകോട്ടയും പത്തനംതിട്ടയിൽ അരുവാപ്പുലവും ആലപ്പുഴയിൽ കാർത്തികപ്പള്ളിയും ഇടുക്കിയിൽ ഇരട്ടയാറും കോട്ടയത്ത് വെളിയന്നൂരും എറണാകുളത്ത് മാറാടിയും മികച്ച ഗ്രാമപഞ്ചായത്തുകളായി. തൃശൂർ ജില്ലയിൽ മുരിയാട്, പാലക്കാട് വെള്ളിനേഴി, മലപ്പുറത്ത് മാറഞ്ചേരി, കോഴിക്കോട് പെരുമണ്ണ, വയനാട് മീനങ്ങാടി, കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ എന്നിവരാണ് ഒന്നാം സ്ഥാനത്തെത്തിയത്.

ലൈഫ് മിഷൻ പദ്ധതിയുടെ മികച്ച നടത്തിപ്പിനുള്ള പുരസ്കാരത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ആലപ്പുഴയിലെ ചേർത്തല തെക്കും നഗരസഭാതലത്തിൽ ആലപ്പുഴ നഗരസഭയും ഒന്നാം സ്ഥാനത്തെത്തി. നഗര തൊഴിലുറപ്പ് പദ്ധതിയിലെ മികവിന് നൽകുന്ന മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിൽ ഷൊർണൂർ മുനിസിപ്പാലിറ്റിയും മികച്ച കോർപ്പറേഷനായി കൊല്ലം കോർപ്പറേഷനും അർഹമായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മികവിനുള്ള മഹാത്മാ പുരസ്കാരത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തും എടവക ഗ്രാമപഞ്ചായത്തും ഒന്നാം സ്ഥാനം നേടി. ട്രൈബൽ പ്ലസ് പദ്ധതിയിൽ അഗളിയാണ് മികച്ച ഗ്രാമപഞ്ചായത്തിനുള്ള അംഗീകാരം നേടിയത്.


കേരള സംസ്ഥാന
തദ്ദേശ
പ്രതിനിധി




തദ്ദേശ


തദ്ദേശ
പ്രതിനിധ


LSGD
FIRST PRIZE
തദ്ദേശ ദിനാഘോഷം 2026
അധ്യക്ഷൻ
ശ്രീ. എം.ബി.രാജേഷ്


കേരള സംസ്ഥാന
തദ്ദേശ


കേരള സംസ്ഥാന
തദ്ദേശ


LSGD
കേരള സംസ്ഥാന
തദ്ദേശ


കേരള സംസ്ഥാന


കേരള സംസ്ഥാന


SECOND PRIZE
തദ്ദേശ ദിനാഘോഷം 2026


LSGD
കേരള സംസ്ഥാന
തദ്ദേശ


LSGD
കേരള സംസ്ഥാന
തദ്ദേശ


LSGD
കേരള സംസ്ഥാ
തദ്ദേശ


കേരള സംസ്ഥാന
തദ്ദേശ


LSGD
കേരള സംസ്ഥാന
തദ്ദേശ


സ്വാഗതം :
ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ
( ബഹു. എം.എൽ.എ. തളിപ്പറമ്പ്)
പ്രതിനിധി

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി &
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ



# ഹരിത കേരളം മിഷൻ
## ശുചിത്വ – മാലിന്യ പരിപാലനത്തിലെ
# കേരള മോഡൽ

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ നിലനിർത്തിക്കൊണ്ട് സുസ്ഥിരമായ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. നവകേരള നിർമ്മിതിയ്ക്കായുള്ള നാല് മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷൻ 'വെള്ളം, വൃത്തി, വിളവ്' എന്ന മുദ്രാവാക്യത്തിലൂടെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ വൻമുന്നേറ്റമാണ് നടത്തിയത്. ഇതിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ മിഷൻ നടത്തിയ ഇടപെടലുകൾ. കേവലം മാലിന്യം നീക്കം ചെയ്യുക എന്നതിലുപരി മാലിന്യത്തെ ഒരു വിഭവമായി കാണുന്ന സംസ്കാരം വളർത്തിയെടുക്കാൻ മിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

മണ്ണും വായുവും ജലവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഹരിതകേരളം മിഷൻ ചെയ്തു വരുന്നത്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ പ്രാദേശികതലം മുതലുള്ള ഇടപെടലുകൾ അനിവാര്യമാണ്. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് ഹരിതകേരളം മിഷൻ അവലംബിക്കുന്നത്. പരിസ്ഥിതി സംരക്ഷണം വ്യക്തിപരമായ ആവശ്യമല്ല, മറിച്ച് സമൂഹത്തിന്റെ കടമയാണെന്ന ബോധ്യം വളർത്താൻ ഇതിനകം മിഷന് സാധിച്ചു.

കേരളത്തിലെ അതിവേഗ നഗരവൽക്കരണവും സ്ഥല പരിമിതിയും സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനാണ് ഹരിതകേരളം മിഷനിൽ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തിക്കുന്നത്. മാലിന്യത്തിന്റെ അളവു കുറയ്ക്കുക, രൂപപ്പെടുന്ന മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുക, ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുക, ഹരിത പെരുമാറ്റം ശീലിക്കുക, മാലിന്യ പരിപാലനം പൗരബോധമായി വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ മിഷന്റെ പ്രവർത്തനം. 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻനിർത്തി മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ പൊതു ശുചിത്വ ഭൂപടത്തെതന്നെ മാറ്റി മറിച്ചു.

## വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി

മാലിന്യം ഒരിടത്ത് ശേഖരിച്ച് സംസ്കരിക്കുന്ന രീതിയ്ക്ക് പകരം, അവ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന വികേന്ദ്രീകൃത നയമാണ് ഹരിതകേരളം മിഷൻ സ്വീകരിച്ചത്. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനും അജൈവ മാലിന്യ ശേഖരണത്തിനും വെവ്വേറെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്.

## ജൈവ മാലിന്യ സംസ്കരണം

വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ അവിടവിടെത്തന്നെ സംസ്കരിക്കുന്നതിന് മിഷൻ മുൻഗണന നൽകി. കമ്പോസ്റ്റ് പിറ്റുകൾ, പൈപ്പ് കമ്പോസ്റ്റ്, ബയോഡൈജസ്റ്റർ പോട്ടുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ജനകീയമാക്കി. സ്വന്തമായി സ്ഥലമില്ലാത്ത നഗരവാസികൾക്കായി കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സാധ്യമാക്കാൻ ലക്ഷ്യമിട്ട് തുമ്പൂർമൂഴി പോലെയുള്ള എയറോബിക് ബിന്നുകൾ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചു.

## അജൈവ മാലിന്യ സംസ്കരണം

പ്ലാസ്റ്റിക്, ചില്ല്, ഇ-വേസ്റ്റ് തുടങ്ങിയവ ശാസ്ത്രീയമായി ശേഖരിക്കാനും പുനഃചംക്രമണത്തിന് അയയ്ക്കാനും വിപുലമായ സംവിധാനമൊരുക്കി. വാർഡുതലത്തിൽ മാലിന്യം താൽക്കാലികമായി സൂക്ഷിക്കാൻ മിനി എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ഗ്രാമപഞ്ചായത്ത്/നഗരസഭ തലത്തിൽ മാലിന്യം തരം തിരിക്കാൻ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), പ്ലാസ്റ്റിക് പൊടിക്കാനും പുനരുപയോഗ യോഗ്യമാക്കാനും ബ്ലോക്ക്/ജില്ലാതലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നിവയാണ് പ്രധാനമായും സജ്ജമാക്കിയ അടിസ്ഥാന സൗകര്യങ്ങൾ.

## ഹരിതകർമ്മസേന

മലയാളിയുടെ വലിച്ചെറിയൽ സംസ്കാരത്തിനെതിരെ നടന്ന ഏറ്റവും വലിയ ചുവടുവയ്പാണ് ഹരിതകർമ്മസേനയുടെ രൂപീകരണം. കടുംബശ്രീയിൽ നിന്നുള്ളവരുൾപ്പെടെ ഭൂരിപക്ഷവും വനിതകളെ ഉൾപ്പെടുത്തി രൂപീകരിച്ച ഈ സേന ഇന്ന് കേരളത്തിലെ മാലിന്യ സംസ്കരണത്തിലെ നട്ടെല്ലാണ്. 37800 ലധികം വരുന്ന ഈ സേനാംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസംതോറും പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നു. സേവനത്തിന് പകരമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ചെറിയ തുക യൂസർഫീയായി ശേഖരിക്കുന്നതു വഴി ഈ സേനയെ സ്വയംപര്യാപ്തമായ ഒരു തൊഴിൽ മേഖലയാക്കി മാറ്റാൻ കഴിഞ്ഞു. ഹരിതകർമ്മസേനയുടെ സജീവ ഇടപെടലിലൂടെ പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും മാലിന്യം വലിച്ചെറിയുന്ന പ്രവണതയിൽ ഗണ്യമായ കുറവുണ്ടായി.

പ്ലാസ്റ്റിക് കത്തിക്കുന്നതിലൂടെയുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം വൻതോതിൽ കുറയ്ക്കാനും ഹരിതകർമ്മസേനയുടെ പ്രവർത്തനം വഴി സാധിച്ചു. പ്രതിമാസം 10,000 ടണ്ണിലേറെ പ്ലാസ്റ്റിക് മാലിന്യമാണ് ശാസ്ത്രീയമായി സംസ്കരിക്കാൻ ഈ സംവിധാനത്തിലൂടെ കൈമാറുന്നത്. ഇത് അന്തരീക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും കുറയ്ക്കാൻ സഹായിക്കുന്നു. ഇന്ന് കേരളത്തിലെ 95% വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്.

വ്യക്തിശുചിത്വത്തിൽ മുൻപന്തിയിലാണെങ്കിലും പൊതുശുചിത്വത്തിൽ കേരളം നേരിട്ടിരുന്ന വെല്ലുവിളികളെ ശാസ്ത്രീയമായി നേരിടാനാണ് ഇതുവഴി ഹരിതകേരളം മിഷൻ ശ്രമിച്ചത്.

## ക്യാമ്പയിനുകൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ മിഷൻ സംഘടിപ്പിച്ച വിവിധ ക്യാമ്പയിനുകൾ സുപ്രധാന പങ്കുവഹിച്ചു. 2017 ആഗസ്റ്റ് 15-ന് ആരംഭിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിൻ സമഗ്ര ശുചിത്വ പരിപാലനത്തിനുള്ള കർമ്മപരിപാടിയായിരുന്നു. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായൊരു അടിത്തറ സൃഷ്ടിക്കാൻ ഈ ക്യാമ്പയിനിലൂടെ സാധ്യമായി. ഇതിന്റെ തുടർച്ചയായി നടന്ന ഹരിത വാരാചരണം, പൊതുവിദ്യാലയങ്ങൾ ഹരിത വിദ്യാലയമാക്കാൻ ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച ഹരിതോത്സവം, പ്രളയ സ്ഥലങ്ങളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ, ഹരിത നിയമ ബോധവൽക്കരണ ക്യാമ്പയിൻ, ഹരിതചട്ടം പാലിച്ചുള്ള പൊതു തിരഞ്ഞെടുപ്പുകൾ, ഹരിത ടൂറിസം പദ്ധതി, ഓഫീസുകളിലും സ്ഥാപനങ്ങളിലും നടത്തിയ ഹരിത ഓഡിറ്റിംഗ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി, മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ തുടങ്ങിയവയെല്ലാം ലക്ഷ്യം കണ്ടു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

സംസ്ഥാനത്തെ സമ്പൂർണ്ണ ഖരമാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടുള്ള ബൃഹത്തായ ജനകീയ ക്യാമ്പയിനായിരുന്നു ഇത്. ഈ ക്യാമ്പയിനിലൂടെ കൃത്യമായ മാലിന്യ സംസ്കരണ സംവിധാനമുള്ള സ്ഥാപനങ്ങളെയും ടൗണുകളെയും ഹരിത പദവി നൽകി ആദരിച്ചു. മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നവർക്കെതിരെ കനത്ത പിഴയും നടപടികളും സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മിഷൻ പിന്തുണ നൽകി.

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയിൽ വർദ്ധിച്ചുവരുന്ന പൊതുബോധത്തിന്റെ ഫലമായി നിരവധി ടൗണുകൾ 'ഹരിത സുന്ദര ടൗണുകളായി' മാറി. പാഴ്വസ്തുക്കളുടെ പുനരുപയോഗവും നഗര/ടൗൺ സൗന്ദര്യവൽക്കരണവും വർധിച്ചു. ഈ ക്യാമ്പയിനിലൂടെ 59942 സ്ഥാപനങ്ങളെയും 2,97,483 അയൽക്കൂട്ടങ്ങളെയും 14,484 വിദ്യാലയങ്ങളെയും 1434 കലാലയങ്ങളെയും ഹരിത പദവിയിലെത്തിച്ചു. 3266 മാർക്കറ്റുകൾക്കും/പൊതുസ്ഥലങ്ങൾക്കും 348 ടൂറിസം കേന്ദ്രങ്ങൾക്കും 3095 ടൗണുകൾക്കും ഹരിത പദവി നൽകി. സംസ്ഥാനത്തെ 6912 ഗ്രന്ഥശാലകളിൽ നിന്നും 3556 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാല പദവി നേടി. ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്ന ടൗണുകൾ, ഓഫീസുകൾ, വിദ്യാലയങ്ങൾ എന്നവയ്ക്കാണ് ഹരിത പദവി നൽകിയത്. പൊതു സ്ഥലങ്ങൾ മാലിന്യമുക്തമാക്കാനും ഭംഗിയായി നിലനിർത്താനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നു. അക്ഷരാർത്ഥത്തിൽ ജനകീയ മുന്നേറ്റമായി മാറിയ ഈ ക്യാമ്പയിൻ കേരളത്തെ ഒരു പുതിയ മാലിന്യ സംസ്കരണ സംസ്കാരത്തിലേക്ക് നയിച്ചു. പ്ലാസ്റ്റിക് കത്തി





ക്കുന്നതും പുഴകളിൽ മാലിന്യം തള്ളുന്നതും ഒഴിവാക്കണമെന്ന ബോധം പൊതുസമൂഹത്തിൽ വളർത്താൻ മിഷന് സാധിച്ചു.

## ഹരിത പെരുമാറ്റച്ചട്ടം

ഹരിത പെരുമാറ്റച്ചട്ടം കേരളീയ ജീവിതശൈലിയിലെ പ്രധാന ഘടകമാക്കി മാറ്റുവാൻ മിഷന് സാധിച്ചു. ആഘോഷങ്ങൾ, ചടങ്ങുകൾ, ഉത്സവങ്ങൾ തുടങ്ങിയവ മാലിന്യമുക്തമായി നടത്തുക എന്ന



ആശയം ഇന്ന് വ്യാപകമാണ്. ഹരിത ഓഫീസ്, ഹരിത വിദ്യാലയം, തുടങ്ങിയ പദവികൾ ഇതിന്റെ ഭാഗമാണ്. പൊതു ചടങ്ങുകളിൽ ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പാത്രങ്ങളും പ്ലാസ്റ്റിക്കുകളും ഒഴിവാക്കി പുനരുപയോഗ സാധ്യതയുള്ളവ ഉപയോഗിക്കുന്ന രീതി വ്യാപകമാക്കി. ഹരിതചട്ടം പാലിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രേഡിംഗ് നൽകി പ്രോത്സാഹിപ്പിച്ചു.

## ഭാവി കാഴ്ച്ചപ്പാട്

ഹരിതകേരളം മിഷൻ കേരളത്തിലെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് വരുത്തിയ മാറ്റങ്ങൾ വിപ്ലവകരമാണ്. പ്രാദേശികമായ ഏകോപനത്തിലെ ചില കുറവുകളും ജനങ്ങളിൽ ചിലരുടെ നിസ്സംഗതയും ചിലയിടങ്ങളിൽ വെല്ലുവിളിയാണെങ്കിലും, കേരളം ഇന്ന് ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമായി മാറാനുള്ള പാതയിലാണ്. മാലിന്യത്തെ ചാക്രിക സമ്പദ് വ്യവസ്ഥയുടെ (Circular Economy) ഭാഗമാക്കാനാണ് ഹരിതകേരളം മിഷൻ ശ്രമിക്കുന്നത്. മാലിന്യത്തെ വിഭവമായും തൊഴിലായും മാറ്റുന്നത് സുസ്ഥിരമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിന് സഹായകമാവും.

ഹരിതകേരളം മിഷൻ വെറുമൊരു സർക്കാർ യജ്ഞം മാത്രമല്ല, മറിച്ച് മലയാളി തന്റെ പ്രകൃതിയോട് കാട്ടേണ്ട ഉത്തരവാദിത്തത്തിന്റെ അടയാളമാണെന്ന ബോധ്യം സൃഷ്ടിക്കാൻ ഇതിനകം കഴിഞ്ഞു. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ കേരളത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ ഈ മിഷൻ നിർണ്ണായക പങ്കാണ് വഹിച്ചത്. ശാസ്ത്രീയ മാലിന്യ സംസ്കരണവും ജല സംരക്ഷണവും കൃഷിയും ഓരോ പൗരന്റെയും ജീവിതശൈലിയാക്കി മാറ്റാൻ സാധിച്ചതാണ് മിഷന്റെ ഏറ്റവും വലിയ വിജയം.

# സുസ്ഥിരവികസനത്തിന്റെ കേരളമാതൃക ഉയർത്തിക്കാട്ടി ദേശീയ പരിസ്ഥിതി സമ്മേളനം




കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ കേരളം കൈവരിച്ച വിപ്ലവകരമായ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിച്ച ദേശീയ പരിസ്ഥിതി സമ്മേളനം വികസനാനുഭവങ്ങളുടെ പങ്കുവയ്ക്കലിനും സമഗ്രമായ വികസന സംവാദങ്ങൾക്കും വേദിയായി. ഫെബ്രുവരി 23 മുതൽ 25 വരെ തീയതികളിലായി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിന് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററാണ് വേദിയായത്. കേരളത്തിന്റെ പാരിസ്ഥിതിക അതിജീവനത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും നേർച്ചിത്രമായി സമ്മേളനം മാറി

## ഉദ്ഘാടനം

ഫെബ്രുവരി 23-ന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രാജ്യത്തിനാകെ മാതൃകയാക്കാവുന്ന സുസ്ഥിര വികസന രീതിയാണ് കേരളം പിന്തുടരുന്നതെന്ന് അദ്ദേഹം പറഞ്ഞു. വാട്ടർ മെട്രോ മുതൽ വയനാട് തുരങ്കപാത വരെയുള്ള പദ്ധതികൾ ഇതിന് ഉദാഹരണമാണ്. 'വെള്ളം, വൃത്തി, വിളവ്' എന്ന മുദ്രാവാക്യവുമായി 2016-ൽ രൂപീകരിച്ച ഹരിതകേരളം മിഷൻ, ഭാവി തലമുറയ്ക്കായി പ്രകൃതിയെ കരുതിവെക്കുന്നതിൽ വലിയ പങ്ക് വഹിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. നവകേരളം കർമ്മ പദ്ധതി



കോ-ഓർഡിനേറ്റർ ഡോ. ടി.എൻ. സീമ അധ്യക്ഷത വഹിച്ച ചടങ്ങിൽ എ.എ. റഹിം എം.പി പങ്കെടുത്തു.

## പ്രബന്ധാവതരണങ്ങളും ചർച്ചകളും

രണ്ട് സമാന്തര വേദികളിലായി നടന്ന 18 സെഷനുകളിൽ ആകെ 73 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. കൃഷി, നെറ്റ് സീറോ കാർബൺ കേരളം, ഊർജ്ജം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ-വന്യജീവി സംഘർഷം, ജലബജറ്റ് തുടങ്ങി സമകാലികപ്രസക്തമായ നിരവധി വിഷയങ്ങളിൽ പാനൽ ചർച്ചകളും വിദഗ്ധ സംവാദങ്ങളും നടന്നു. ആഗോളതലത്തിൽ ശ്രദ്ധേയരായ യുവ പരിസ്ഥിതി പ്രവർത്തകർ - ലിസിപ്രിയ കംഗുജം, റിഥിമ പാണ്ഡേ, പ്രസിദ്ധി സിങ് -പങ്കെടുത്ത 'നാളത്തെ പരിസ്ഥിതിയും യുവാക്കളും' എന്ന സെഷൻ സമ്മേളനത്തിലെ പ്രധാന ആകർഷണമായി.

രണ്ടാം ദിവസത്തെ 'പരിസ്ഥിതി പുനസ്ഥാപനത്തിലെ പ്രായോഗിക മാതൃകകൾ' എന്ന സെഷനിൽ





'ജലസമൃദ്ധി കാട്ടാക്കട', 'സുസ്ഥിര തൃത്താല', 'മീനച്ചിലാർ– മീനന്തലയാർ– കൊടൂരാർ പുനരുജ്ജീവനം' എന്നീ മാതൃകാ പദ്ധതികളുടെ അനുഭവം പങ്കുവച്ചു.

## പ്രദർശനവും വിപണനവും

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ പ്രമേയമാക്കി അറുപതിലധികം സ്റ്റാളുകൾ ഉൾക്കൊള്ളുന്ന വിപുലമായ പ്രദർശനവും സമ്മേളനത്തിന്റെ ഭാഗമായി ഒരുക്കി. കാനാമ്പുഴ അരിയും വി.ആർ ഷോകളും (VR Shows) ശ്രദ്ധ പിടിച്ചുപറ്റി. ജനപ്രതിനിധികൾ, വിദഗ്ധർ, ഗവേഷകർ എന്നിവർക്ക് പുറമെ പൊതുജനങ്ങളും പ്രദർശനം സന്ദർശിക്കാനെത്തി.

> രണ്ട് സമാന്തര വേദികളിലായി നടന്ന 18 സെഷനുകളിൽ ആകെ 73 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. കൃഷി, നെറ്റ് സീറോ കാർബൺ കേരളം, ഊർജ്ജം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ–വന്യജീവി സംഘർഷം, ജലബജറ്റ് തുടങ്ങി സമകാലികപ്രസക്തമായ നിരവധി വിഷയങ്ങളിൽ പാനൽ ചർച്ചകളും വിദഗ്ധ സംവാദങ്ങളും നടന്നു.

## ഭാവിയിലേക്കൊരു നയരേഖ

ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു 'പാരിസ്ഥിതിക നയരേഖ' തയ്യാറാക്കാൻ സമ്മേളനം തീരുമാനിച്ചു. വരുംകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഈ നയരേഖ അടിസ്ഥാന പ്രമാണമായി സ്വീകരിക്കും.

സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ. രവിരാമൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രകൃതി സംരക്ഷണവും വികസനവും ഒത്തുപോകുന്ന 'കേരള മോഡൽ' രാജ്യത്തിന് വഴികാട്ടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എൻ.സി.ഇ.എസ്.എസ് (NCESS) റിട്ട. ശാസ്ത്രജ്ഞൻ ഡോ. ആർ. അജയകുമാർ വർമ്മ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ കേരളത്തിന്റെ വിജയഗാഥ വരുംതലമുറയ്ക്കായി കരുതിവെക്കണമെന്ന ആഹ്വാനത്തോടെയാണ് മൂന്ന് ദിവസത്തെ സംഗമം സമാപിച്ചത്.

# നാളത്തെ പരിസ്ഥിതിക്കായി

ആഗോള തലത്തിൽ ശ്രദ്ധേയരായ ലിസിപ്രിയ കംഗുജം, രിഥിമ പാണ്ഡേ, പ്രസിദ്ധി സിങ് എന്നീ  യുവ പരിസ്ഥിതി പ്രവർത്തകരുടെ സാന്നിധ്യം യൂത്ത് ഫോർ ടുമോറോസ് എൻവയോൺമെന്റ് എന്ന സെഷൻ ശ്രദ്ധേയമാക്കി. പരിസ്ഥിതി പുനസ്ഥാപനത്തിനായി യുവ തലമുറയ്ക്ക് എന്തു ചെയ്യാൻ കഴിയും എന്നതിന്റെ മാതൃകയായി ഇവരുടെ അനുഭവാവതരണങ്ങൾ മാറി. സ്വന്തം അനുഭവങ്ങൾ, കാഴ്ചപ്പാടുകൾ, നേരിട്ട വെല്ലുവിളികൾ, ജനങ്ങളിൽ നിന്ന് ലഭിച്ച പിന്തുണ, കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്നിവ ഇവർ പ്രതിനിധികളുമായി പങ്കു വച്ചു.








ശ്രീ. പിണറായി വിജയൻ
ഉദയ് പാലസ് കൺവെൻഷൻ സെന്റർ


ഉദ്ഘാടനം
ബഹു. മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയൻ
ഉദയ് പാലസ് കൺവെൻഷൻ സെന്റർ
കവടിയാർ, തിരുവനന്തപുരം
23.02.2026 ഉച്ചയ്ക്ക് 12 മണി

# ലിസിപ്രിയ കംഗുജം




2011 ഒക്ടോബർ 2-ന് ജനിച്ച മണിപ്പൂർ സ്വദേശിയായ ലിസിപ്രിയ കംഗുജം ലോകവേദികളിൽ ശ്രദ്ധേയയായ ഏറ്റവും പ്രായം കുറഞ്ഞ കാലാവസ്ഥാ പ്രവർത്തകരിൽ ഒരാളാണ്. തന്റെ ആറാം വയസ്സുമുതൽ കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ശബ്ദമുയർത്തിയ ലിസിപ്രിയ 2018-ൽ മംഗോളിയയിൽ നടന്ന യുഎൻ ദുരന്ത നിവാരണ സമ്മേളനത്തിൽ പങ്കെടുത്തു.

2019-ൽ സ്പെയിനിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥാ ഉച്ചകോടിയിൽ (COP25) അവർ ലോക നേതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പരിസ്ഥിതി സംരക്ഷണത്തിനായി 'ദ ചൈൽഡ് മൂവ്മെന്റ്' എന്ന സംഘടനയും ലിസിപ്രിയ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ അന്താരാഷ്ട്ര സമാധാന പുരസ്കാരം (2019), ഗ്ലോബൽ ചൈൽഡ് പ്രൊഡിജി അവാർഡ് (2020) എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ ലിസിപ്രിയയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെയുള്ള പ്രവർത്തനത്തിൽ വ്യത്യസ്തമായ ഒരു ഗിന്നസ് റെക്കോർഡിന് ഉടമ കൂടിയാണ് ലിസിപ്രിയ. സിബിഎസ്ഇ പാഠപുസ്തകങ്ങളിൽ 'ചൈൽഡ് ഹീറോ' എന്ന പേരിൽ ഇവരുടെ ജീവിതകഥ ഉൾപ്പെടുത്തിയിട്ടുണ്ട്.






ഇന്ത്യയിൽ മലിനീകരണം നിയന്ത്രിക്കാൻ പുതിയ നിയമങ്ങൾ കൊണ്ടുവരിക, സ്കൂൾ പാഠ്യപദ്ധതിയിൽ കാലാവസ്ഥാ വ്യതിയാനം ഒരു നിർബന്ധിത വിഷയമാക്കുക തുടങ്ങിയവയാണ് ലിസിപ്രിയ ഉന്നയിച്ചു വരുന്ന പ്രധാന ആവശ്യങ്ങൾ.



# റിഥിമ പാണ്ഡേ

ഉത്തരാഖണ്ഡിലെ ഹരിദ്വാർ സ്വദേശിയായ റിഥിമ പാണ്ഡേ കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിലൂടെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഒരു യുവ ഇന്ത്യൻ പരിസ്ഥിതി പ്രവർത്തകയാണ്. 'ഇന്ത്യയുടെ ഗ്രെറ്റ തുൻബെർഗ്' എന്നാണ് ഇവർ അറിയപ്പെടുന്നത്. 2013 ൽ തന്റെ നാലാം വയസിൽ ഉത്തരാഖണ്ഡ് പ്രളയം നേരിട്ട് കണ്ടത് റിഥിമയുടെ മനസ്സിനെ സ്പർശിച്ചു. 2017-ൽ, വെറും ഒമ്പത് വയസ്സുള്ളപ്പോൾ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ഇന്ത്യൻ സർക്കാർ മതിയായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് ആരോപിച്ച് അവർ നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ (NGT) കേസ് ഫയൽ ചെയ്തു.

2019-ൽ ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ ക്ലൈമറ്റ് ആക്ഷൻ ഉച്ചകോടിയിൽ ഗ്രെറ്റ തുൻബെർഗിനൊപ്പം പങ്കെടുത്ത 16 കുട്ടികളിൽ ഒരാളായിരുന്നു റിഥിമ. 2020-ൽ ബിബിസി പുറത്തിറക്കിയ ലോകത്തെ സ്വാധീനിച്ച 100 സ്ത്രീകളുടെ പട്ടികയിൽ റിഥിമ ഇടംപിടിച്ചു. പരിസ്ഥിതി സംരക്ഷണത്തിനായി 'ദ ലെറ്റർ' (The Letter) എന്ന ഡോക്യുമെന്ററിയിലും അവർ അഭിനയിച്ചിട്ടുണ്ട്.






# പ്രസിദ്ധി സിംഗ്

തമിഴ്നാട്ടിലെ ചെങ്കൽപട്ട് ജില്ലയിൽ ജനിച്ച പ്രസിദ്ധി സിംഗ് 2018-ൽ തന്റെ ആറാം വയസ്സിൽ 'പ്രസിദ്ധി ഫോറസ്റ്റ് ഫൗണ്ടേഷൻ' (Prasiddhi Forest Foundation) സ്ഥാപിച്ചു കൊണ്ടാണ് പരിസ്ഥിതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ഒരു ലക്ഷത്തിലധികം മരങ്ങൾ നട്ടുപിടിപ്പിക്കാനും നിരവധി 'ഫ്രൂട്ട് ഫോറസ്റ്റുകൾ' (പഴവർഗ്ഗ വനങ്ങൾ) സൃഷ്ടിക്കാനും പ്രസിദ്ധിക്ക് സാധിച്ചു. COP28 ( Conference of the parties - ദുബൈ), COP29 (ബാക്കു) എന്നീ യു എൻ കാലാവസ്ഥാ ഉച്ചകോടികളിൽ പ്രസിദ്ധി ഇന്ത്യയെ പ്രതിനിധീകരിച്ച് സംസാരിച്ചു.

പരിസ്ഥിതി സേവന മേഖലയിലെ മികച്ച സംഭാവനകൾ പരിഗണിച്ച്, 2021-ൽ ഇന്ത്യയിലെ കുട്ടികൾക്ക് നൽകുന്ന പരമോന്നത സിവിലിയൻ ബഹുമതിയായ പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരം പ്രസിദ്ധിക്ക് ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഫ്രൂട്ട് ഫോറസ്റ്റ് നിർമ്മാതാവായി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് പ്രസിദ്ധിയെ അംഗീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ഹരിതാഭ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു കോടി മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള ദൗത്യത്തിലാണ് നിലവിൽ ഈ പന്ത്രണ്ടുകാരി.








# എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ

## പട്ടയ മിഷന്റെ ചരിത്ര വിജയം



സംസ്ഥാനത്ത് പുതുതായി 45,731 കുടുംബങ്ങൾക്കു കൂടി പട്ടയം വിതരണം ചെയ്തു. സംസ്ഥാന തല പട്ടയമേള തൃശൂർ ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇതോടെ പത്തുവർഷക്കാലത്തിനിടയിൽ പട്ടയം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 4,56,689 ആയി. 2016 – 21 കാലത്ത് 1,77,011 പട്ടയമാണ് വിതരണം ചെയ്തത്. 2021 ൽ ഈ സർക്കാർ അധികാരമേറ്റതു മുതൽ 2026– ഫെബ്രുവരി 25 വരെ 2,79,678 കുടുംബങ്ങൾക്കുകൂടി പട്ടയം നൽകി.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പട്ടയ മിഷന്റെ വിജയം എല്ലാവർക്കും സുരക്ഷിതമായ വീടെന്ന ലൈഫ് മിഷന്റെ ലക്ഷ്യം എളുപ്പമാക്കും. ഭൂമി കൈവശമുണ്ടായിട്ടും നിയമപരമായ രേഖകളില്ലാത്ത സാധാരണക്കാർക്ക് വേഗത്തിൽ പട്ടയം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടയം മിഷൻ ഏറ്റെടുത്തത്. പഞ്ചായത്ത് അംഗം മുതൽ എംഎൽഎമാർ വരെയും വില്ലേജ് തലം മുതൽ സെക്രട്ടറിയറ്റ് ഉദ്യോഗസ്ഥർ വരെയും പട്ടയമിഷൻ പ്രവർത്തനങ്ങളിൽ കണ്ണികളാണ്.

മിഷന്റെ ഭാഗമായി താലൂക്കുകളിൽ എം.എൽ.എമാരുടെ അധ്യക്ഷതയിൽ പട്ടയ അസംബ്ലികൾ ചേർന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ പരാതികൾ നേരിട്ട് പരിഹരിച്ചു. കളക്ടറേറ്റുകളിൽ പ്രത്യേക സെല്ലുകൾ രൂപീകരിച്ച് പട്ടയ വിതരണ നടപടികൾ നിരന്തരം നിരീക്ഷിച്ചു. ലൈഫ് പദ്ധതിയുടെ ലിസ്റ്റിലുള്ളവരും പട്ടയം ലഭിച്ചവരിൽ ഉൾപ്പെടും. പട്ടയം സ്വന്തമാകുന്നതോടെ ഇവർക്ക് ലൈഫ് ധനസഹായം അനുവദിക്കാൻ കഴിയും.

# നഗരനയത്തിന് മന്ത്രിസഭാ അംഗീകാരം

## രാജ്യത്തെ ആദ്യ സമഗ്ര നഗരനയം കേരളത്തിന്റേത്!

സംസ്ഥാനത്തിന്റെ നഗര നയത്തിന് മന്ത്രിസഭ അംഗീകാരം നൽകി. ഒരു നഗരനയം ആവിഷ്കരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി ഇതോടെ കേരളം മാറി. ഈ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിച്ച സാമ്പത്തിക സർവ്വേയിലും ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ നഗരവത്കരണം നടക്കുന്ന സംസ്ഥാനമാണ് കേരളം എന്നത് ചൂണ്ടിക്കാണിച്ചിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് നഗര വികസനത്തിന് ശാസ്ത്രീയ ദിശാബോധം നൽകുന്ന സമഗ്രമായ ഒരു നഗരനയമാണ് കേരളം ആവിഷ്കരിച്ചിരിക്കുന്നത്.

നഗരവത്കരണം ഉയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാനും അത് തുറന്നു തരുന്ന സാധ്യതകളെ ഉപയോഗപ്പെടുത്താനും സഹായകമായ ഒരു നഗരനയം നിർദേശിക്കുന്നതിന് നഗരകാര്യ വിദഗ്ധരടങ്ങിയ ഒരു കമ്മീഷനെ സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്നു. നോർതേൺ അയർലൻഡിലെ ബെൽഫാസ്റ്റ് ക്വീൻസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എം. സതീഷ് കുമാർ അധ്യക്ഷനായ സമിതിയിൽ ഇന്ത്യയിലും പുറത്തും അറിയപ്പെടുന്ന വിവിധ മേഖലകളിലെ വിദഗ്ധർ ഉൾപ്പെട്ടിരുന്നു. ആ കമ്മീഷൻ കേരളത്തിലുടനീളം സഞ്ചരിച്ച്




മൂവായിരത്തോളം പേരിൽ നിന്ന് അഭിപ്രായങ്ങൾ സമാഹരിച്ച് തയ്യാറാക്കിയ 2500 പേജുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സെപ്റ്റംബർ 12, 13 തീയതികളിൽ കൊച്ചിയിൽ ഇന്റർനാഷണൽ അർബൻ കോൺക്ലേവ് സംഘടിപ്പിച്ചത്. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഈ കോൺക്ലേവിൽ കേന്ദ്ര നഗരവികസന വകുപ്പ് മന്ത്രി മനോഹർ ലാൽ ഖട്ടർ, സംസ്ഥാന മന്ത്രിമാർ, പന്ത്രണ്ട് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള നഗരകാര്യ വിദഗ്ധർ, മേയർമാർ തുടങ്ങിയവർ പങ്കെടുത്തു. ഈ കോൺക്ലേവിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് അന്തിമമാക്കിയ നഗര നയത്തിനാണ് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്.

THADDESAKAM (MONTHLY) FEBRUARY 2026
₹30 Annual Subscription ₹300, Published on FEBRUARY 2026

RNI. No: KERML/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government
Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.